## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 1280 08-02-2013 -ൽ മറുപടി നല്കേണ്ടിയിരുന്നത്.

### വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സാജു പോൾ | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി ) |
| എ) | 2011-2012 സാമ്പത്തിക വർഷം വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സർക്കാർ ഖജനാവിൽനിന്നും എന്ത് തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ ? | എ) | 2011-2012 സാമ്പത്തിക വർഷം വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പ്രകൃതി ക്ഷോഭ പ്രതികരണ നിധിയിൽ നിന്ന് ആകെ രൂപ. 12,86,45,315/- (പന്ത്രണ്ടുകോടി എൺപത്തിയാറു ലക്ഷത്തി നാല്പത്തിയഞ്ചായിരത്തി മുന്നൂറ്റി പതിനഞ്ച് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |
| ബി) | എത്ര തുകയ്ക്കുള്ള നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളത് എന്ന് കണക്കാക്കിയിരുന്നോ; എങ്കിൽ എത്ര; | ബി) | 2011-2012 സാമ്പത്തിക വർഷം സംസ്ഥാനം വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചിരുന്നില്ല. ആയതിനാൽ നാശനഷ്ടങ്ങളുടെ തോത് കണക്കാക്കിയിരുന്നില്ല. ഈ സാമ്പത്തിക വർഷം തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് എന്നീ നാലു ജില്ലകളെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ കാർഷിക മേഖലയുൾപ്പെടെയുള്ള മേഖലകളിൽ ഉണ്ടായ വരൾച്ചാ നാശനഷ്ടങ്ങൾക്കുള്ള നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് മാനദണ്ഡപ്രകാരമുള്ള 1995 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ 31.12.2012 തീയതിയിലെ G.o.(P)No. 497/12/DMD പ്രകാരം സംസ്ഥാനം വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ ദുരിതാ ശ്വാസ ധനസഹായം നൽകുന്നതിനായി 1984.59 കോടി രൂപാ ആവശ്യമായി വരുന്നതായി കണക്കാക്കി യിട്ടുണ്ട്. എല്ലാ ജില്ലകളേയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ നിലവിലുള്ള നാശനഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ പുതുക്കിയ മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| സി) | വരൾച്ച നേരിടുന്നതിന് കേന്ദ്രസഹായം ആവശ്യപ്പെട്ടിരുന്നോ; ഇതിനായി എന്തെങ്കിലും പാക്കേജ് തയ്യാറാക്കി സമർപ്പിച്ചിരുന്നുവോ; ഇത് കേന്ദ്രം പരിഗണിക്കുകയുണ്ടായോ; എത്ര തുകയ്ക്കുള്ള സഹായമാണ് ലഭിച്ചത് ; | സി) | ആവശ്യപ്പെട്ടിരുന്നു. പാക്കേജ് സമർപ്പിച്ചു. കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. |
| ഡി) | 2012-2013 സാമ്പത്തിക വർഷം വരൾച്ചാ ദുരിതാശ്വാസത്തിന് ബജറ്റിൽ തുക വകയിരുത്തിയിരുന്നുവോ; എങ്കിൽ എത്ര; ഖജനാവിൽ നിന്നും ഈ ഇനത്തിൽ ഇതുവരെ എത്ര തുക ചെലവായി ? | ഡി) | 2012-2013 സാമ്പത്തിക വർഷം പ്രകൃതി ക്ഷോഭ പ്രതികരണ നിധിയിൽ നിന്ന് '2245-01-101-98-വരൾച്ച-ആഹാരവും വസ്ത്രവും' ശീർഷകത്തിൽ ഒരു കോടി രൂപയും '2245-01-101-99-വരൾച്ച-കൃഷിനാശം' ശീർഷകത്തിൽ ആറു കോടി രൂപയും '2245-01-102-99-വരൾച്ച-കുടിവെള്ള വിതരണം' ശീർഷകത്തിൽ ഇരുപത് കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ മേൽസൂചിപ്പിച്ച ശീർഷകങ്ങളിൽ യഥാക്രമം രൂപ.1,83,55,000/-, (ഒരു കോടി എൺപത്തിമൂന്നു ലക്ഷത്തി അമ്പത്തഞ്ചായിരം രൂപ മാത്രം), രൂപ.18,62,000/- (പതിനെട്ടു ലക്ഷത്തി അറുപത്തിരണ്ടായിരം രൂപ മാത്രം), രൂപ.6,27,40,000/- (ആറു കോടി ഇരുപത്തേഴ് ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) ആദ്യ ബാച്ച് ഉപധനാഭ്യർത്ഥന വഴിയും ലഭിച്ചു. പ്രകൃതി ക്ഷോഭ പ്രതികരണ നിധിയിൽ നിന്ന് വരൾച്ചാ ദുരിതാശ്വാസത്തിനായി ഈ സാമ്പത്തിക വർഷം ഇതുവരെ ആകെ എൺപത്തഞ്ചു കോടി രൂപ എല്ലാ ജില്ലാ കളക്ടർമാർക്കുമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ